# മീഡിയ ആൻ്റ് കമ്മ്യൂണിക്കേഷൻ സ്ത്രീകളുടെ സഞ്ചാരസ്വാതന്ത്ര്യത്തെ എങ്ങിനെ സ്വാധിനിക്കുന്നു.

മൊബിലിറ്റി എന്നത് കേവലം ചലനാത്മകത മാത്രമല്ല ജീവിതത്തിന്റെ സമസ്ത മേഖലകളേയും ബാധിക്കുന്ന ഒന്നാണ് . ഇത് മനസ്സിലാകുന്നത് സ്വന്തം ജീവിത അനുഭവങ്ങളിലൂടേയും , ജീവിതാവസ്ഥയിലൂടേയും ആണ്. സ്വന്തം അവകാശങ്ങൾ തിരിച്ചറിയൽ , സാധ്യതകൾ കണ്ടെത്തൽ , സാമൂഹ്യനേതൃത്വം ,ഏകോപന ചുമതലകൾ, എന്നിവയിൽ നിന്നും പിൻതിരിപ്പിക്കപ്പെടുന്ന സമൂഹത്തിന്റെ നിഷേധാത്മക നിലപാടുകൾ സത്രീകൾ തിരിച്ചറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നിലനിൽക്കുന്ന ഈ സാഹചര്യത്തിൽ ഇത്തരം പ്രശ്നങ്ങളിൽ മാധ്യമങ്ങളുടെ ഇടപെടൽ എങ്ങനെ എന്ന് ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. ഒപ്പം സമൂഹത്തിൽ നിലനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങളെയും വിശ്വാസങ്ങളേയും എങ്ങിനെ അതിജീവിക്കാം എന്നു കൂടി ചർച്ച ചെയ്യപ്പെടണം

മാറ്റങ്ങൾക്കുവേണ്ടി കാതോർത്തിരിക്കുന്ന സമൂഹത്തിൽ ഇത്തരം സാമൂഹിക പ്രശ്നങ്ങൾ മാധ്യമങ്ങൾ എങ്ങനെ കാണുന്നു എന്ന് തിരിച്ചറിയണം ഇവിടെ മാധ്യമങ്ങളുടെ നിലപാട് രണ്ടു രീതിയിൽ ആണ് മാധ്യമ ധർമ്മങ്ങൾ മറന്ന് പ്രശ്നങ്ങളെ സങ്കീർണ്ണമായി ചിത്രീകരിക്കുന്ന രീതിയും രണ്ടാമതായി സ്ത്രീകളുടെ ചലനാത്മകതയ്ക്ക് അനുകൂലമായി നിലപാടെടക്കുന്ന മാധ്യമ പ്രവർത്തനങ്ങളും

താഴെപറയുന്ന കാര്യങ്ങൾ ഇതിൽ ഒന്നാമത്തെതിന് ഉദാഹരണമാണ്

1. ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ സ്ത്രീകളെ പരസ്യത്തിനുവേണ്ടി ഉപയോഗിക്കുക

സ്ത്രീകൾക്കെതിരായ സംഭവങ്ങൾ പെരുപ്പിച്ചു കാണിക്കുന്ന രീതിയിലുള്ള ചർച്ചകളും വാർത്തകളും നടത്തി സമൂഹത്തെ ആകർഷിക്കാൻ മാധ്യമങ്ങൾ ശ്രമിക്കുന്നു. എന്നാൽ പ്രശ്നങ്ങൾ

നേരിട്ട സ്ത്രീക്ക് പിന്നീട് എന്തു സംഭവിച്ചു എന്ന് മാധ്യമങ്ങൾ തിരക്കാറില്ല. സ്ത്രീ പുരുഷ ഭേദമന്യേ ഉപയോഗിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ പരസ്യത്തിന് സ്ത്രീകളെ ഉപയോഗിക്കുന്നു.

2.സ്ത്രീകളെ ആകർഷിക്കുന്ന രീതിയിലുള്ള സീരിയൽ , കോമഡിഷോ , ഇവയിലെ എല്ലാ സ്ത്രീകളെയും വില്ലത്തിവേഷം അല്ലെങ്കിൽ സർവ്വംസഹ എന്നരീതിയിലുള്ള കഥാപ്രത്രങ്ങളാക്കി മാറ്റുന്നു.

2. പത്രപ്രവർത്തനം , വീഡിയോ ഗ്രഫി , സിനിമ സീരിയൽ സംവിധാനം ഈ മേഖലകളിൽ ഒക്കെ സ്ത്രീകളുടെ പങ്കാളിത്തം കുറയുന്നു.
3. സമൂഹത്തിൽ നിന്നും ഉയർന്നുവരുന്ന ഭീഷണികളെ അതിജീവിക്കാൻ സ്ത്രീകൾക്ക് കഴിയുന്നില്ല. കാരണം നിലവിലുള്ള സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥിതി അവരെ അനുവദിക്കുന്നില്ല.
4. സീരിയൽ സിനിമ തുടങ്ങിയവ യിൽ എല്ലാം തന്നെ സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന രീതിയിലുള്ള ഭാഷകൾ ഉപയോഗിക്കുന്നു.
5. അനുകരണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവണതകളിലേക്ക് സ്ത്രീകളെ നയിക്കുന്ന പ്രവർത്തനങ്ങൾ മാധ്യമങ്ങളിലൂടെ നടത്തുന്നു.
6. മാധ്യമങ്ങളിലൂടെ വരുന്ന വാർത്തകൾ സ്ത്രീകളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന രീതിയിലേക്ക് മാറികൊണ്ടിരിക്കുന്നു.

എന്നാൽ രണ്ടാമതായി സ്ത്രീകളുടെ ചലനാത്മകതയ്ക്ക് അനുകൂലമായി നിലപാടെടുക്കുന്ന മാധ്യമപ്രവർത്തനങ്ങൾക്ക് ഉദാഹരണമാണ് താഴെ പറയുന്ന കാര്യങ്ങൾ

പഴയകാലങ്ങളിൽ നിന്നും വ്യത്യസ്തമായി സ്ത്രീകളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഇടപെടുന്നതിനും അത് റിപ്പോർട്ട് ചെയ്യുന്നതിനും മാധ്യമങ്ങൾ ശ്രമിക്കുന്നു.

അറിവിന്റെ മേഖലകളിലേക്ക് സ്ത്രീകളെ തിരിച്ചുവിടുവാൻ മാധ്യമങ്ങളുടെ  ഇടപെടൽ സഹായിക്കുന്നു.

മാതൃദിനം , വനിതാദിനം  തുടങ്ങിയ സ്ത്രീകളെ ആദരിക്കപ്പെടുന്ന രീതിയിലുള്ള വാർത്തകൾ , ചിത്രങ്ങൾ എന്നിവ മാധ്യമങ്ങളിലൂടെ സമൂഹത്തിലേക്ക് എത്തിക്കുന്നു.

സ്ത്രിക്കും പുരുഷനും തുല്യ സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കുന്ന ഭരണഘടന നിലനിൽക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ.

ജീവിത സാഹചര്യ കുറവു കൊണ്ടും എത്തിച്ചേരുന്നതിനുള്ള അപര്യാപ്തത കൊണ്ടും സ്ത്രീകൾ പിന്നോക്കം തള്ളപ്പെടുകയാണ്. പുരുഷൻ സംസ്കാരസമ്പന്നൻ എന്ന് സ്വയം അവകാശപ്പെടുമ്പോൾ സ്ത്രീകൾ അദൃശ്യയായും രണ്ടാംതരക്കാരി അല്ലെങ്കിൽ അപ്രധാനിയായും മാറ്റപ്പെടുന്നു.